**2010 ഫെബ്രുവരി 14**

## കൊത്തിനെ ഞായർ

## വലിയനോമ്പിലെ ഒന്നാം ഞായർ

### യോഹ 2:1-11

**ഫാ. മാത്യു പി. ഫ്രാൻസിസ**

നാമേവരും ദൈവത്തിൽനിന്നും യാത്രതിരിച്ചവരാണ്, ആയതിനാൽ നാം വിലയം പ്രാപിക്കേണ്ടതും ദൈവത്തിൽതന്നെയാണ്. ഭവനത്തിൽനിന്നു യാത്രപോയവരെ അവർ മടങ്ങിവരുന്നതുവരെ ഗൃഹനാഥൻ കാത്തിരിക്കുന്നു. ഗൃഹനാഥനായ ദൈവത്തിന്റെ കാത്തിരിപ്പിന് ആത്മീയ മനുഷ്യൻ നൽകുന്ന പ്രതീക്ഷപൂർവമായ മറുപടിയാണ് നോമ്പ്. സഭയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ആരാധനാ വത്സരത്തിലേക്ക് നാം ഇന്നുമുതൽ പ്രവേശിക്കുകയാണ്. പിന്നിട്ട വഴികളൊന്നും ഓർക്കാൻ ആഗ്രഹിക്കാതെ യാത്രചെയ്യുന്ന മനുഷ്യന്, യോനായെപ്പോലെ, ഒന്നു വിശ്രമിച്ച് പിൻതിരിഞ്ഞ് നോക്കാൻ ദൈവം അനുവദിച്ച തണൽച്ചെടിപോലെയാണ് ഈ നോമ്പ്. പാപത്തിന്റെ ഊഷര ഭൂമിയിൽ കഠിന നോവനുഭവിക്കുമ്പോൾ നിന്റെ ജീവന് സ്വരക്തത്തിന്റെ വില നൽകിയ ദൈവത്തിന്റെ കരുണയെ ഓർക്കാൻ അനുതാപത്തിന്റെ ഒരിടവേളയാണിത്. എവിടെയാണ് തകർച്ചയുടെ ആരംഭമെന്ന് ചിന്തിക്കാനും സ്വർണ്ണത്തിന് എങ്ങനെ അതിന്റെ തിളക്കം നഷ്ടമായതെന്ന് ആരായാനുമുള്ള അവസരവും. അമ്പതു ദിവസത്തിന്റെ വ്രതശുദ്ധിയിൽ അനുതാപത്തോടും പ്രായശ്ചിത്ത അനുഷ്ഠാനങ്ങളോടുംകൂടി, നമുക്ക് ഉപവാസത്തിലും പ്രാർത്ഥനയിലും നമ്മുടെ ആത്മാവിന്റെ കളങ്കങ്ങൾ കഴുകി അതിനെ നവീകരിക്കാനൊരുങ്ങാം.

ഇന്നത്തെ സുവിശേഷം വിവരിക്കുന്നത് യേശുവിന്റെ പരസ്യജീവിതത്തിലെ ആദ്യത്തെ അടയാളമാണ്. സമൃദ്ധിയുടെ കാനായിൽ ആരും പ്രതീക്ഷിക്കാത്ത ഒരവസരത്തിൽ വീഞ്ഞ് തീർന്നുപോകുന്നു. പടകിൽ ക്രിസ്തു ഉറങ്ങികിടക്കുമ്പോൾ വഞ്ചിക്ക് കൊടുങ്കാറ്റു പിടിക്കുന്നതുപോലെ ക്രിസ്തു ഉണ്ടെങ്കിലും ക്രിസ്തുഅവബോധത്തിലേക്ക് നാം പ്രവേശിക്കാത്തിടത്തോളംകാലം നാം കുറവുകളിൽത്തന്നെ ആയിരിക്കും. ക്രിസ്തുവിൽ ജീവിക്കുന്നവനായിരിക്കുകയാണ് ഒരു ക്രൈസ്തവന്റെ യഥാർത്ഥ ധർമ്മം. സഭാപിതാവായ വിശുദ്ധ ഐറേനിയോസ് പറയുന്നതുപോലെ "ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്വം." ജീവിതത്തിന്റെ നല്ലകാലങ്ങളിൽ ക്രിസ്തുവിനെ അറിയുന്നവനാണ് പന്തിയറിഞ്ഞ് വീഞ്ഞ് വിളമ്പാൻ കഴിയുന്നത്. നമ്മുടെ ജീവിതത്തിന്റെ നല്ലകാലങ്ങളിൽ എപ്പോൾ വേണമെങ്കിലും വീഞ്ഞുതീരാം എന്ന് ചിന്തിക്കുവാനും കരുതലുള്ളവരായിരിക്കുവാനും കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവത്തിന്റെ വലിയ കരുണയെക്കുറിച്ച് ധ്യാനിക്കുവാനൊരവസരമാണിത്. ജീവിതം ധൂർത്തപുത്രനെപ്പോലെ വെറുതെ പാഴാക്കി അപമാനഭാരത്തിൽ കഴിയുമ്പോൾ നിനക്കുവേണ്ടി കരുതുന്ന ഒരു ദൈവമുണ്ടന്ന് ചിന്തിക്കുവാൻ നമുക്കാകണം. ഇനിയും സ്നേഹിച്ചുതീരാത്ത ഒരപ്പൻ നമുക്കുവേണ്ടി സ്നേഹം കരുതിവയ്ക്കുന്നു, സമൃദ്ധിയുടെ വീഞ്ഞ് നമുക്കു മുന്നിൽതന്നെ അദൃശ്യമായിരിക്കുന്നു. ദൈവം നമുക്ക് എപ്പോഴും സംലഭ്യനാണ്; അവിടുന്ന് എപ്പോഴും നമുക്കൊപ്പമുണ്ട്. "രക്ഷിക്കാനാവാത്തവിധം അവിടുത്തെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല" എന്ന് തിരുവചനത്തിലൂടെ അവിടുന്ന് നമ്മെ ധൈര്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെയാണ് ഇനിയും മരണത്തിന്റെ സമയം ആകാതിരുന്നിട്ടും ഒരു കുടുംബത്തിന്റെ അപമാനം നീക്കുവാൻ മരണത്തിന്റെ വിനാഴികയിലേക്ക് കടക്കുവാൻ അവിടുന്ന് മനസ്സാകുന്നത്. മനുഷ്യർ സ്വാർത്ഥതക്കായി സമയം കരുതിവയ്ക്കുമ്പോൾ ദൈവമാകട്ടെ തന്റെ മുഴുവൻ

സമയവും അവന്റെ രക്ഷയ്ക്കായിമാത്രം മാറ്റിവയ്ക്കുന്നു. മനുഷ്യരൊക്കെ കൈവിടുമ്പോൾ നഷ്ടപ്പെട്ട നിന്നെത്തേടി ഇതാ ഒരിടയൻ കടന്നുവരുന്നു. അത് മറ്റാരുമല്ല, ജീവന്റെ സമൃദ്ധിയിലേക്കും നിത്യജീവന്റെ ആലയിലേക്കും നയിക്കുന്ന ക്രിസ്തുവാണ്.

നമ്മുടെ ജീവിതത്തിന്റെ തകർച്ചയുടെ കാലങ്ങളിൽ അഥവാ വീഞ്ഞ് തീർന്നുപോകുന്ന കാലങ്ങളിൽ പുതുവീഞ്ഞിനുവേണ്ടി പ്രാർത്ഥിക്കേണ്ട കാലമാണ് നോമ്പുകാലം. വീഞ്ഞുതീരുക എന്നുപറഞ്ഞാൽ ചൈതന്യം നഷ്ടപ്പെടുന്ന അവസ്ഥയാണ്. ക്രിസ്തുവിന് മാത്രമേ എന്നും ലഹരിയുടെ അനുഭവം പ്രധാനം ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളു. മനുഷ്യബന്ധങ്ങൾക്കും ലൗകീക വസ്തുക്കൾക്കും താത്ക്കാലികമായി നമ്മെ ലഹരിപിടിപ്പിക്കാൻ കഴിഞ്ഞേക്കും. പക്ഷേ അതൊന്നും ശാശ്വതമല്ലാത്തതിനാൽ പിന്നീട് നീരുമാത്രം ശേഷിക്കുന്നു. എന്നാൽ ഏശയ്യാ 40:31 ൽ നാം ഇപ്രകാരം വായിക്കുന്നു "ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും." നോമ്പുകാലം കർത്താവിൽ കൂടുതൽ ആശ്രയിക്കുവാൻ നമ്മെ ഒരുക്കുന്നു. ക്രിസ്തുവിലേക്ക് കടന്നുവന്നാൽ മാത്രമേ നമുക്ക് രൂപാന്തരീകരണമുണ്ടാകൂ. അതിനായ് തീർന്നുപോകുന്ന വീഞ്ഞിന്റെ കൽഭരണികൾ ഉപേക്ഷിക്കണം. ശുദ്ധീകരണത്തിന്റെ കൽഭരണികളിൽ വെള്ളം നിറച്ച് ക്രിസ്തുവിന്റെ ആശീർവാദത്തിനായ് സമർപ്പിക്കുക. എഫേ 4:22-ൽ നാം വായിക്കുന്നു "നിങ്ങളുടെ പഴയ ജീവിതരീതിയിൽനിന്നു രൂപംകൊണ്ട വഞ്ചനനിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ. നിങ്ങൾ മനസിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെടട്ടെ." നവീകരണമെന്നത് ക്രിസ്തുവിന്റെ വചനത്തിനനുസരിച്ച് ജീവിക്കുക എന്നുമാത്രമേയുള്ളു. പാപത്തിന്റെ ആധിക്യത്താൽ ഇപ്പോൾ ശൂന്യമായ നിന്റെ അവസ്ഥകളിൽ ലോകത്തിലെ പച്ചവെള്ളത്തിന്റെ നിറവുകൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ഇനി നീ ക്രിസ്തുവിന് സമർപ്പിക്കുക. ക്രിസ്തു നിന്നെ പുതുവീഞ്ഞുപോലെ പുതിയ മനുഷ്യനാക്കും.

ക്രിസ്തുവിന് മാത്രമേ നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുവാൻ കഴിയുകയുള്ളു. നമുക്ക് ചിന്തിച്ചുനോക്കാം, നമുക്ക് വ്യക്തിപരമായി വിശുദ്ധിയുടെ വീഞ്ഞിന്റെ കരുതലുണ്ടോ? കുടുംബ ബന്ധങ്ങളിൽ സ്നേഹത്തിന്റെ ഊഷ്മളതയിൽ വിഞ്ഞിന്റെ സാന്ദ്രത ഉണ്ടോ? ജീവിതത്തിന് അർത്ഥം നൽകുംവിധം പ്രതീക്ഷയുടെ വീഞ്ഞ് നിനക്ക് കൈമുതലുണ്ടോ? പൂർണ തൃപ്തരല്ലെങ്കിൽ ശുന്യതകളിൽ ഒരുമിച്ച് നിന്നുകൊണ്ട് ക്രിസ്തുവിന്റെ ഇടപെടലിനായി കാത്തിരിക്കുക. ക്രിസ്തു സക്കേവൂസിന്റെ ഭവനത്തിൽ പകർന്ന പ്രത്യാശയുടെ വീഞ്ഞ്; പാപിനിയുടെ തീർന്നുപോയ ജീവിതകുംഭത്തിൽ വിശുദ്ധിയുടെ വീഞ്ഞ് നിറച്ചതുപോലെ; നമ്മുടെ കൂട്ടായ്മകളിൽ ക്രിസ്തു കടന്നുവന്ന് നമ്മെ ആശീർവദിക്കാൻ അവനെ ക്ഷണിക്കുക. അപ്പോൾ ഇനിമുതൽ നമ്മുടെ പ്രിയപ്പെട്ടവർക്ക് പുതുവീഞ്ഞ് പകരുവാൻ കഴിയും. യാക്കോ 4:8-ൽ നാം വായിക്കുന്നു "ദൈവത്തോട് ചേർന്നുനില്ക്കുവിൻ. അവിടുന്ന് നിങ്ങളോടും ചേർന്നുനില്ക്കും. കർത്താവിന്റെ സന്നിധിയിൽ താഴ്മയുള്ളവരാകുവിൻ. അവിടുന്ന് നിങ്ങളെ ഉയർത്തും".

നാം ക്രിസ്തുവിൽ വിശ്വസിക്കുന്നവരാകുക, അതാകണം നമ്മുടെ മുഴുവൻ ജീവിതത്തെയും മാറ്റിമറിക്കുന്ന കാര്യം. കാനായിൽ ഇതാണ് സംഭവിച്ചത്. ശിഷ്യന്മാരും അവിടെയുള്ള മുഴുവൻ കുടുംബങ്ങളും ക്രിസ്തുവിൽ വിശ്വസിക്കുകയും അവരെല്ലാവരും പ്രത്യാശകൊണ്ട് നിറഞ്ഞ് രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു. ഈ നോമ്പു നമ്മുടെ നവീകരണത്തിന്റെ കാലമായിത്തീരട്ടെ. പന്നിക്കൂടുകളിൽനിന്ന് സ്നേഹത്തിന്റെ കുമ്പസാരക്കൂട്ടിലേക്കും ചുങ്കസ്ഥലത്തുനിന്നു സമാധാനത്തിന്റെ ഭവനത്തിലേക്കും ശുദ്ധി കൈവിട്ടുപോയവർക്ക് സ്നാനത്തിന്റെ തീർത്ഥത്തിലേക്കു പോകുവാനും "ക്രിസ്തു എന്തു പറയുന്നുവോ അത് കേൾക്കുവാനും" ഈ നോമ്പു നമ്മെ സഹായിക്കട്ടെ.

*******************************************